# വീഡിയോ കോൺഫറൻസിനുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ

ഈ ജില്ലാ ജുഡീഷ്യറിയിൽ വീഡിയോ കോൺഫറൻസിംഗ് വഴി കോടതി നടപടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന അഭിഭാഷകരോ കക്ഷികൾ നേരിട്ടോ താഴെ നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാനഭ്യർത്ഥിക്കുന്നു.

1. വീഡിയോ കോൺഫറൻസിങ്ങിനായി സ്ഥിരമായ ലിങ്കുകൾ ഉപയോഗിക്കുന്ന രീതി ഇതിനാൽ നിർത്തലാക്കുന്നു.
2. ഓരോ ദിവസത്തെയും കോടതി നടപടികൾക്കായി ഒരു പുതിയ മീറ്റിംഗ് ലിങ്ക് സൃഷ്ടിക്കുകയും ഉപയോഗിക്കുകയും ചെയ്യും. അടുത്ത പ്രവർത്തി ദിവസത്തേക്കുള്ള മീറ്റിംഗ് ലിങ്ക് മുമ്പത്തെ പ്രവൃത്തി ദിനത്തിൽ സൃഷ്ടിക്കപ്പെടുകയും, അത് നടപടികളുടെ തലേദിവസം അതാത് കോടതി കേന്ദ്രത്തിലെ ബാർ അസോസിയേഷൻ/കൾക്കും, ക്ലാർക്ക്സ് അസോസിയേഷനുകൾക്കും നൽകുകയും ചെയ്യും
3. അഭിഭാഷകർ അവരുടെ പേരിനൊപ്പം 'അഡ്വക്കേറ്റ്' എന്ന പ്രിഫിക്സ് അല്ലെങ്കിൽ 'അഡ്വ' എന്ന ചുരുക്കെഴുത്ത് നൽകിയാൽ മാത്രമേ അവരെ വീഡിയോകോൺഫെറൻസ് വഴി പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ
4. കക്ഷികൾ അവരുടെ മുഴുവൻ പേരിനൊപ്പം കേസ് നമ്പറും നൽകിയാൽ മാത്രമേ അവരെ വിഡിയോകോൺഫെറൻസ് വഴി പങ്കെടുക്കാൻ അനുവദിക്കുകയുള്ളൂ
5. വിസി മുഖേന പങ്കെടുക്കാൻ ആഗ്രഹിക്കുന്ന, ലിങ്കിനെക്കുറിച്ച് അറിയാത്ത പ്രോസീഡിംഗിലെ ഒരു കക്ഷി / അഭിഭാഷകൻ അത്തരം നടപടിക്രമങ്ങൾ ആരംഭിക്കുന്നതിന് മുമ്പ്, ഫോൺ/ഇമെയിൽ വഴി,മീറ്റിംഗ് ലിങ്കിനായി അഭ്യർത്ഥിക്കാവുന്നതാണ്. കക്ഷിയുടെ/അഭിഭാഷകന്റെ ഇമെയിൽ ഐഡികളിലൂടെയോ ഫോൺ നമ്പറിലൂടെയോ മീറ്റിംഗ് ലിങ്ക് നൽകുന്നതാണ്.

DISTRICT AND SESSIONS COURT THALASSERY - 670 101

ഉത്തരവിൻ പ്രകാരം

ശിരസ്തദാർ